**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **455**

**29.06.2016- ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ പലിശ ഇളവ്

| **ചോദ്യം**<br>**ശ്രീ. എം.എം.മണി** | **മറുപടി**<br>**ശ്രീ. എ.സി.മൊയ്തീൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) പൊതുമേഖല ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുക്കുന്ന വിദ്യാർത്ഥികൾക്ക് പലിശ ഇളവ് നൽകുമ്പോൾ സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് പലിശയിളവ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി പലിശ ഇളവ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ ? | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിക്കുന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീം 01.04.2009 ൽ നിലവിൽ വന്നു. പ്രസ്തുത സ്കീമിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് കേരള സംസ്ഥാന സഹകരണ ബാങ്കിനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. മറ്റ് സഹകരണ ബാങ്കുകൾ പദ്ധതിയുടെ പരിധിയിൽ വരുകയില്ല. 15.06.2016 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് ഈ വിഷയം ചർച്ച ചെയ്തിരുന്നു. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വരുകയും ഡി.ബി.റ്റി ഉൾപ്പെടെ എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ലഭ്യമാണെന്ന് വിലയിരുത്തുകയും ചെയ്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ |

സബ്സിഡി സ്കീം ജില്ലാ സഹകരണ ബാങ്കുകൾക്ക് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുമുണ്ടായി. വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എം.പി മാരുടെ യോഗത്തിനുള്ള അജണ്ടയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**